**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 205** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഗോത്ര, തീരദേശ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിലെ വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി 06.11.2022 തീയതിയിലെ സ.ഉ.(സാധാ) നം. 2666/2022/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം 27.01.2026 ൽ ആരംഭിച്ചു. നിലവിലുള്ള ഓ.പി. കെട്ടിടത്തിന്റെ (ഗ്രൗണ്ട് ഫ്ലോർ) മുകളിൽ രണ്ട് നില കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. 2027 മാർച്ച് മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒന്നാം നില:- ഭിത്തി നിർമാണം പൂർത്തിയായി, മുറികൾ വിഭജിച്ചിട്ടുണ്ട്. നിലവിൽ പ്ലാസ്റ്ററിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

രണ്ടാം നില:- ഭിത്തി നിർമാണം റാംപ് ഏരിയയിൽ ഇനി പൂർത്തിയാക്കാനുണ്ട്. അതിനുശേഷം പ്ലാസ്റ്ററിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കും. റൂഫ് ഷീറ്റ് വർക്ക് ഇതിനകം പൂർത്തിയായി.

**ഇനി പൂർത്തീകരിക്കാനുള്ള പണികൾ**

- ബാക്കിയുള്ള പ്ലാസ്റ്ററിംഗ് വർക്കുകൾ
- ടൈൽസ് വിരിക്കൽ
- പെയിന്റിംഗ്
- പ്ലംബിങ്
- ഇലക്ട്രിക്കൽ വർക്കുകൾ.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**